**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3723** **26-10-2021 - ൽ മറുപടിയ്ക്ക്**

**പാൽ വില വർദ്ധനവിന്റെ ഗുണം ക്ഷീരകർഷകർക്ക് ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാൽ വിലയിലുണ്ടായ വർദ്ധനവിന്റെ ഗുണം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പാൽ വില വർദ്ധനവിൽ 84 ശതമാനത്തോളം തുക ക്ഷീരകർഷകർക്ക് ലഭിക്കുന്ന രീതിയിലാണ് വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 തവണയായി 8 രൂപ വർദ്ധനവുണ്ടായപ്പോൾ 6.7 രൂപയും കർഷകരുടെ കൈകളിലെത്തി. ഇന്ത്യയിൽ തന്നെ ഏറ്റവും ഉയർന്ന പാൽ വില ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന സംസ്ഥാനം കേരളമാണ്. |
| (ബി) | കാലിതീറ്റയുടെ വിലവർദ്ധനവ് കാരണം ക്ഷീരകർഷകർക്കുണ്ടാക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കാലിത്തീറ്റ വില വർദ്ധനവ് കാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാനും കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. 11.23 കോടി രൂപയാണ് ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ളത്. കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി പദ്ധതികളും ക്ഷീരവികസന വകുപ്പ് മുഖേന നടപ്പാക്കുന്നു. |
| (സി) | തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള തരിശു ഭൂമി കണ്ടെത്തി ഉപയോഗിക്കാൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്, സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചിലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തരിശു ഭൂമി കണ്ടെത്തി തീറ്റപ്പുൽകൃഷിയ്ക്കായി ഉപയോഗിക്കാൻ പദ്ധതികൾ നിലവിലുണ്ട്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. |

| | | | |
|---|---|---|---|
| | | | ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള പദ്ധതിയും ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള വൈക്കോൽ ബയ്‌ലിംഗ് യൂണിറ്റ് തുടങ്ങിയ രണ്ട് നൂതനപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ